കൊണ്ട പറയുന്നത് ശരിയല്ല. അവർക്ക ഗവണ്മെൻറ് സ്കൂൾ അദ്ധ്യാപകർക്കി ല്ലാത്ത ചില സ്വാതന്ത്ര്യങ്ങളുമുണ്ട്. നിയമസഭാ സാമാജികന്മാരായും, പഞ്ചായത്ത സാമാജികന്മാരായും വരുന്നതിനും, രാഷ്ട്രീയകാര്യങ്ങളും കൈകാര്യം ചെയ്യുന്നതിനും സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ട് ഇവരെ ഗവ ണ്മെൻറ് സ്കൂൾ അദ്ധ്യാപകരെപ്പോലെ പരിഗണിക്കണമെന്ന പറയുന്നത ശരിയല്ല.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: ഗവണ്മെൻറ് സ്കൂൾ അദ്ധ്യാപകക്ക എയിഡഡ് സ്കൂൾ അദ്ധ്യാപകർക്കള്ള പ്രവത്തനസ്വാതന്ത്ര്യം കൊടുക്കുന്നതിന് തങ്ങൾക്ക് സമ്മതമാണെന്നും, ഇന്ന് എയിഡഡ് സ്കൂൾ അദ്ധ്യാപകർക്ക് കൊടുത്തവരുന്ന പ്രത്യേകസ്വാതന്ത്ര്യം ആവശ്യമില്ലെന്നും, ഒരു ഡിപ്പാർട്ട മെൻറിനുള്ളനിലസ്ഥ കരുതിയാൽമതിയെന്നും അസന്ദിഗ്ദ്ധമായ ഉറപ്പ് ഈ അദ്ധ്യാപകന്മാർ എകകണ്ഠമായി തന്നാൽ അതു പരിഗണിക്കാൻ തയ്യാറുണ്ടോ?

ശ്രീ. ആർ ശങ്കർ: അതു തരുന്ന അവസരത്തിൽ അക്കാര്യത്തെപ്പറ്റി പരിഗണിക്കാം.

ശ്രീ. എൻ. ഈ. ബലറാം: ചിലപ്പോൾ ചില പ്രൈവറ്റ സ്കൂൾ അദ്ധ്യാ പകർക്ക് അന്യദേശത്തുപോയി ജോലി ചെയ്യേണ്ടിവരുന്നു. ഇങ്ങനെയുള്ള അദ്ധ്യാപകർക്കെങ്കിലും, അവരുടെ താമസക്കാലത്തേക്കെങ്കിലും വീട്ടവാടക അലവൻസ് കൊടുക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ അപൂർവ്വമായി ചിലക്ക് അവരുടെ സ്ഥലത്തുനിന്ന് മാറിത്താമസിക്കേണ്ടിവരുമെന്ന് ഞാൻ സമ്മതിക്കുന്നു. എന്നാൽ മിക്കവാറും എല്ലാപ്രൈവറ്റ് സ്കൂൾ അദ്ധ്യാപകരും വളരെയേറെ സുര ക്ഷിത ബോധത്തോടുകൂടി കഴിയുന്നവരാണ്.

Schools for blind, deaf and dumb children.

* 566. [5] **Shri Parayil Shamsudeen**: Will the Chief Minister be pleased to state:

(a) what is the number of schools in the State for blind, deaf and dumb children;

(b) whether this is adequate; and

(c) if not, will the Government be pleased to start more schools for such children?

Chief Minister (**Shri R. Sankar**):

(a) 8 (Eight) schools. (Five Government schools, two private schools recognised by Government and one unrecognised private school)

(b) No.

(c) A meeting of the members of the Advisory Committee for the Welfare of the Handicapped was held on 13-12-1963, and an expert sub committee has been formed from among the members to make a survey of the existing institutions for the handicapped in this State and to submit a report containing suggestions for improvement of the existing institutions and increasing the strength in them. The question of opening more schools can be considered after the the report of the committee is received.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ഈ സ്കൂളുകളിലെല്ലാം കൂടി എത്ര വിദ്യാ ത്ഥികളുണ്ടെന്നും, അവക്ക നൽകുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : മിക്കവാറും ഗവണ്മെൻറ് സ്കൂളുകളിൽ അവർക്ക് ഫ്രീ യായിട്ടാണ് എഡ്യൂക്കേഷൻ കൊടുക്കുന്നത്. എത്രയാണ് ആകെയുള്ള സംഖ്യ യെന്ന് കൃത്യമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : കുന്നംകുളം അന്ധ—ബധിര—മൂക വിദ്യാ ലയത്തിലെ ഒരു വിദ്യാർത്ഥി ചില ആവശ്യങ്ങൾക്കുവേണ്ടി നിരാഹാരവ്രതം അനുഷ്ഠിക്കുകയുണ്ടായോ ; അത് ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ഒന്ന് എൻറെ ശ്രദ്ധയിൽപെട്ടിട്ടില്ല.

ശ്രീ. ഈ. പി. ഗോപാലൻ : അന്ധർക്കും, മൂകർക്കും, ബധിരർക്കുമുള്ള സ്കൂളുകൾ ഒന്നാണോ ; അതോ അന്ധർക്ക് വേറെയും, മൂകർക്കും ബധിരർക്കും വേറെയും ഇങ്ങനെയാണോ വിദ്യാലയങ്ങൾ ഉള്ളത് ; അങ്ങനെയാണെങ്കിൽ ഓരോന്നിലും എത്രവീതമുണ്ടെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോൾ തീർത്തുപറയാൻ നിവൃത്തിയില്ല. എങ്കിലും സാധാരണ deaf and dumb—നു പ്രത്യേക സ്കൂൾ, blind—നു വേറെസ്കൂളുമുണ്ട്. എത്രവരുമെന്ന കൃത്യമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. അച്യുതമേനോൻ : അന്ധർക്കായിട്ടുള്ള വിദ്യാലയങ്ങളിൽ മറ്റു കലകളിൽ ഉദാഹരണത്തിനു സംഗീതത്തിൽ വാസനയുണ്ടെങ്കിൽ സ്വാഭാവികമായും അക്കാദമിപോലുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്നതിനു പ്രത്യേക സ്കോളർഷിപ്പ് നൽകാൻ പദ്ധതിയുണ്ടോ ?

ശ്രീ. ആർ. ശങ്കർ : സംഗീതത്തിൽ വാസനയുള്ള ചില കുട്ടികളുണ്ടെന്നു അനുഭവത്തിൽ നിന്നും ബോദ്ധ്യമായിട്ടുണ്ട്. അങ്ങനെയുള്ളവർക്ക് നൽകാവുന്ന ആനുകൂല്യങ്ങളെപ്പറ്റി ആലോചിക്കാം.

ശ്രീ. പി. രവീന്ദ്രൻ : ഈ അന്ധർക്കും മറ്റും കൂടുതൽ സൗകര്യങ്ങളും നൽകു ന്നതിനെപ്പറ്റി അന്വേഷിക്കാൻ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടെന്നു പറഞ്ഞു. തിരുവനന്തപുരം അന്ധ ബധിര വിദ്യാലയത്തിനു സ്ഥലം കുറവാ യതുകൊണ്ട് അവിടെ തൽക്കാലം ഒരു ഷെഡ്ഡ് കെട്ടണമെന്നുള്ള ഒരു നിർദ്ദേശം ഗവണ്മെൻറിലേക്കു അയച്ചിരുന്നു. അതു റിപ്പോർട്ടു വന്നതിനുശേഷമേ പരിഗണിക്കുകയുള്ളോ; അതോ അതിനുമുമ്പേ പരിഗണിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അതു റിപ്പോർട്ടു വന്നശേഷമേ പരിഗണിക്കുകയുള്ളൂ.

ശ്രീ. ഓ. കോരൻ : പാലക്കാട് ഡിസ്ട്രിക്റ്റിൽ പെരിന്തൽമണ്ണ താലൂക്കിൽ മങ്കടയിലുള്ള അന്ധവിദ്യാലയത്തിൽ പഠിക്കുന്ന വിദ്യാർത്ഥി കൾക്കു സാമ്പത്തികസഹായം കൊടുക്കാത്തതിൻറെ ഫലമായിട്ട് സെക്രട്ടേറി യറിൻറെ പടിക്കൽ സത്യാഗ്രഹത്തിനു തയ്യാറാണെന്നുകാണിച്ചു നിവേദനം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ: അന്ധരായ കുട്ടികൾ സെക്രട്ടേറിയറ്റുപടിക്കലാണോ മറ്റു വല്ലയിടത്തുമാണോ സത്യാഗ്രഹം നടത്തുന്നതെന്നു അവർതന്നെ അറിയാൻ പ്രയാസമുണ്ട്. അവരേയും കൂടി സത്യാഗ്രഹത്തിനു കൊണ്ടുവരാതെ കാര്യം എന്താണെന്നു ഗവണ്മെൻറിനെ അറിയിച്ചാൽ അതേപ്പറ്റി ആലോ ചിക്കാം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഈ ഇനത്തിൽപെട്ട നിരാശ്രയ രായ എത്ര കുട്ടികൾ ഓരോ ഡിസ്ട്രിക്റ്റിലും ഉണ്ടെന്നു വല്ല സർവ്വേയും നടത്തിയിട്ടുണ്ടോ ?

ശ്രീ ആർ. ശങ്കർ : ഇവർ ആകെ എത്രയുണ്ടെന്നു ഇപ്പോൾ നടത്തുന്ന സർവ്വേയുടെ റിപ്പോർട്ടിൽ നിന്നും കിട്ടുമെന്നാണു പ്രതീക്ഷിക്കുന്നതു.

ശ്രീ. എം. നാരായണക്കുറുപ്പ് : ശ്രീ. കോരൻ സൂചിപ്പിച്ച പെരിന്തൽ മണ്ണ താലൂക്കിലെ അന്ധവിദ്യാലയത്തിനു ഗവണ്മെൻറ് അനുവദിച്ചിട്ടുള്ള ഗ്രാൻറുകൾ ഒന്നുംതന്നെ ഇതുവരെ കിട്ടിയിട്ടില്ല. അൻപതിനായിരത്തിലധികം

LIBRARY ARCHIVES Kerala Legislative Assembly

രൂപ ഇവർക്ക് കിട്ടേണ്ടതായിരിക്കുകയാണ്, ഇതാണ് പ്രശ്നം. അതൊന്ന് ഗവണ്മെന്റ് ശ്രദ്ധിച്ച് അടിയന്തിരമായി പരിഹരിക്കാൻ ശ്രദ്ധചെലുത്തുമോ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ഒരു കാര്യം ഇതുവരെ എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. അതിനെപ്പറ്റി ആലോചിക്കാം.

വിനോദ നികുതി

* 567. [7] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64–ൽ പുതുതായി ഏർപ്പെടുത്തിയ വിനോദ നികുതി ഇനത്തിൽ എത്ര രൂപയാണ് പ്രതീക്ഷിച്ചിരുന്നത് ;

(ബി) എത്ര രൂപ പിരിഞ്ഞുകിട്ടി ;

(സി) പ്രസ്തുത നികുതി നമ്മുടെ വളർന്നുവരുന്ന സിനിമാ വ്യവസായത്തേയും കലാ സാംസ്കാരിക പ്രവർത്തനങ്ങളേയും സാരമായവിധം തടസ്സപ്പെടുത്തുന്നതാകയാൽ പുനഃപരിശോധിക്കണമെന്ന പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഇതേപ്പറ്റി പരിഗണിച്ച് ഒരു പുനഃപരിശോധന നടത്താൻ ഉദ്ദേശമുണ്ടോകുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) എത്രയാണ് 25 ലക്ഷം രൂപാവ്യത്യാസമേൽ.

(ബി) 1–5–1963 മുതൽ 31–12–1963 വരെ 18,18,780.35 രൂപ പിരിഞ്ഞുകിട്ടി.

(സി) കേരള ഫിലിം ചേമ്പർ ഓഫ് കോമേഴ്സ് പ്രസിഡന്റിൽ നിന്നും ഇതേ സംബന്ധിച്ച് ഒരു കമ്പി കിട്ടിയിട്ടുണ്ട്.

(ഡി) ഇപ്പോഴും ഒരു പുനഃപരിശോധന നടത്തണമെന്ന ഉദ്ദേശമില്ല.

ശ്രീ. എസ്. കുമാരൻ : മധ്യതിരുവിതാംകൂറിലെ കലാസംഘടനകളിലെ പ്രതിനിധികളും ചേർന്ന് ഇതുസംബന്ധിച്ച് ഒരു മെമ്മോറാണ്ടം ഗവണ്മെൻറിനു തന്നിട്ടുണ്ടോ ; ഗവണ്മെന്റ് അതിനെപ്പറ്റി പരിഗണിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ: മെമ്മോറാണ്ടം ഇവിടെ കിട്ടിയിട്ടുണ്ടോയെന്നുള്ള വിവരം ഇപ്പോൾ പറയാൻ നിവൃത്തിയില്ല. വിനോദനികുതിയിൽ എന്തെങ്കിലും വ്യത്യാസം വരുത്താൻ ഗവണ്മെന്റ് വിചാരിക്കുന്നില്ലെന്ന് (ഡി) ക്കുത്തരമായി പറഞ്ഞു.

ശ്രീ. കെ. കൃഷ്ണപിള്ള : വിനോദനികുതിയിൽ അഡീഷണൽ ടാക്സ് ഏർപ്പെടുത്തിയശേഷം, ലോക്കൽ ബോഡീസിൽ വിനോദനികുതിയിനത്തിൽ കുറവു വന്നിട്ടുണ്ടോയെന്നു പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : പ്രത്യേകമായി പരിശോധിച്ചിട്ടില്ലെങ്കിലും പ്രതീക്ഷിച്ച 25 ലക്ഷം രൂപ കിട്ടുമെന്നാണ് ഗവണ്മെൻറ് വിചാരിക്കുന്നത്.

ശ്രീ. ഈ പി. ഗോപാലൻ : വർദ്ധിച്ച നികുതിയുടെ ഫലമായി ടിക്കറ്റുവച്ച് കലകൾ നടത്തുന്നവർക്ക് നഷ്ടമാണെന്നു വിസ്തരിച്ച് മെമ്മോറാണ്ടം അയച്ചിട്ടുള്ളതിന്റെ കോപ്പി ഞങ്ങൾക്കു കിട്ടിയിട്ടുണ്ട്. കലകൾ ജനസ്സിയാകുമെന്നുവിചാരിച്ച് ഇതിൽ നിലാക്കസേഷൻ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇപ്പോൾ ഒരു പുനഃപരിശോധന നടത്തണമെന്നുദ്ദേശമില്ലെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly